# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:T 3731 — 24.06.2014 ൽ മറുപടിക്ക്

**ട്രെയിനുകളുടെ നിറുത്തലാക്കിയ സ്റ്റോപ്പുകളുടെ പുനഃസ്ഥാപനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ.കെ. ശശീന്ദ്രൻ:<br>" തോമസ് ചാണ്ടി: | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പുമന്ത്രി) | |
| (എ) | കേരളത്തിലൂടെ ഓടുന്ന പല തീവണ്ടികളുടെ ചില സ്റ്റോപ്പുകൾ ജൂലൈ ഒന്നുമുതൽ ഒഴിവാക്കാനുള്ള റെയിൽവേയുടെ തീരുമാനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ചില സ്റ്റോപ്പുകൾ നിർത്തലാക്കാനുള്ള റെയിൽവേയുടെ തീരുമാനംമൂലം മറ്റു സംസ്ഥാനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികളും തൊഴിലാളികളും നേരിടുന്ന ദുരിതം പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (ബി) | ആറുമാസത്തേക്ക് അനുവദിക്കുന്ന താത്കാലിക സ്റ്റോപ്പുകളാണ് കാലാവധി തീരുന്ന മുറയ്ക്ക് പിൻവലിക്കുന്നത്. താല്ക്കാലിക സ്റ്റോപ്പുകൾ പുനഃസ്ഥാപിക്കണമെന്ന് കേന്ദ്ര റയിൽവേ മന്ത്രിയോട് ബഹു. മുഖ്യമന്ത്രിയും കേരളത്തിലെ എം.പി. മാരും ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ